**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87** **12-06-2024 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത കൗൺസിൽ മുൻഗണന നൽകുന്നത്; വിശദമാക്കാമോ; | (എ) | ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ നിലവിൽ രൂപീകരിച്ചിട്ടില്ല. എത്രയും പെട്ടെന്ന് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ നടത്തി വരുന്നു. കരട് നിയമാവലി അന്തിമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നു വരുന്നു. ഇതിലേക്കായി മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും ഫിഷറീസ് ഡയറക്ടർ അംഗവുമായുള്ള അഞ്ചംഗ സമിതി സത്വര നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) | ഇല്ലെങ്കിൽ എന്നത്തേക്ക് രൂപീകൃതമാകുമെന്നും ഇതിന്റെ ഫലപ്രാപ്തിക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ നിലവിൽ രൂപീകരിച്ചിട്ടില്ല. എത്രയും പെട്ടെന്ന് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ നടത്തി വരുന്നു. കരട് നിയമാവലി അന്തിമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നു വരുന്നു. ഇതിലേക്കായി മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായും ഫിഷറീസ് ഡയറക്ടർ അംഗവുമായുള്ള അഞ്ചംഗ സമിതി സത്വര നടപടി സ്വീകരിച്ചു വരികയാണ്. |
| (സി) | പ്രസ്തുത ഇന്നവേഷൻ കൗൺസിൽ നിലവിൽ വരുന്നതിലൂടെ മത്സ്യക്കയറ്റുമതിയിലും മൂല്യവർദ്ധനവിലും എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഫിഷറീസ് മേഖലയുടെയും സമുദ്ര മത്സ്യ ഉല്പാദന കയറ്റുമതി വ്യവസായത്തിന്റെയും സുസ്ഥിര വളർച്ചയും വികസനവും സാക്ഷത്കരിക്കുന്നതിനും മൂല്യ വർദ്ധന അനുബന്ധ വ്യാപാരം പ്രോത്സാഹിപ്പിക്കുക എന്നതടക്കം നൂതന ആശയങ്ങൾ ഫിഷറീസ് മേഖലയിൽ നടപ്പിലാക്കുക എന്ന കാഴ്ചപ്പാടോടെ ഒരു ഏക ജാലക ഫെസിലിറ്റേറ്റർ എന്ന രീതിയിൽ ഫിഷറീസ് ഇന്നൊവേഷൻ കൗൺസിൽ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ചുവടെ പറയുന്ന |

പ്രവർത്തനങ്ങളിലൂടെ ഈ മേഖലയിൽ നൂതന ആശയങ്ങൾ ആവിഷ്കരിച്ച നടപ്പിലാക്കി വലിയ മാറ്റങ്ങളുണ്ടാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

1. സമുദ്രോത്പന്ന വ്യവസായ പ്രവർത്തകർ, ഗവേഷണ സ്ഥാപനങ്ങൾ, ഇന്ത്യയിലും വിദേശത്തുമുള്ള മറ്റ് പ്രസക്തമായ പങ്കാളികൾ എന്നിവരുമായുള്ള സഹകരണം പ്രോത്സാഹിപ്പിച്ച് സംസ്കരണ വിപണന മേഖലകൾ ശക്തിപ്പെടുത്തുക.

2. മത്സ്യമേഖലയുമായി ബന്ധപ്പെട്ട വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക. മത്സ്യബന്ധനം, അക്വാകൾച്ചർ, സംസ്കരണം,മൂല്യവർദ്ധന എന്നിവയ്ക്ക് ആവശ്യമായ സാങ്കേതിക പിന്തുണ നൽകുക. ഏകജാലക സംവിധാനം സാധ്യമാക്കി / മറ്റ് ഏകജാലക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി മത്സ്യബന്ധന മേഖലയ്ക്ക് മാത്രമായി സംസ്ഥാനത്ത് ഒരു സമാന്തര വ്യാവസായിക ആവാസവ്യവസ്ഥ സൃഷ്ടിക്കുക.

3. പഠന മേഖലയിലെ അക്കാദമിക മികവും ഭക്ഷ്യ വ്യവസായവും തമ്മിലുള്ള പങ്കാളിത്തം കാര്യക്ഷമമാക്കി വിജ്ഞാന കൈമാറ്റം മുഖേന ശാസ്ത്ര മുന്നേറ്റങ്ങളെ പ്രായോഗിക തലത്തിൽ പ്രായോഗികമാക്കി പുതിയ ഉൽപ്പന്നങ്ങൾ, സംസ്കരണ സാങ്കേതിക വിദ്യകൾ എന്നിവ വികസിപ്പിക്കുന്നതിനു പിന്തുണ നൽകുക.

4. നൂതനമായ ആശയങ്ങൾ, ആഴത്തിലുള്ള സാമ്പത്തിക വളർച്ച, ഗുണനിലവാരം, മൂല്യം, വരുമാനം എന്നിവ വർദ്ധിപ്പിക്കുന്നതിന് സഹായകമായ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും ഫണ്ടിംഗ് സാധ്യതകൾ വ്യക്തമാക്കി നൽകിയും സംരംഭകത്വവും നിക്ഷേപവും സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

5. മത്സ്യബന്ധന വ്യവസായത്തിന്റെ പുരോഗതിക്കായി സംസ്ഥാനത്ത് സംരംഭകത്വ വികസനത്തിനും സ്വകാര്യ മേഖലയിലെ നിക്ഷേപത്തിനും ആശയങ്ങൾ ലഭ്യമാക്കുക.

6. ഇൻകുബേഷൻ സേവനങ്ങൾ സുഗമമാക്കുന്നതിന് മേഖലയിലെ സ്റ്റാർട്ടപ്പ് സ്ഥാപനങ്ങളുമായി മെന്ററിംഗും വ്യാവസായിക ബന്ധവും സ്ഥാപിക്കുക.

7. കൃഷി, മത്സ്യബന്ധനം, അനുബന്ധ മേഖലകളിലെ നിക്ഷേപകരെ ആകർഷിക്കുന്നതിന് ദീർഘകാല പാട്ടത്തിനോ മറ്റോ അനുയോജ്യമായ ഭൂമി കണ്ടെത്തി

| | | | |
|---|---|---|---|
| | | | നിക്ഷേപകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br><br>8. ഫിഷറീസ് മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക, വിജ്ഞാന മേഖലകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നൽകുന്നതിന് (ഉദാ. അക്രഡിറ്റേഷൻ, ക്വാളിറ്റി സ്റ്റാൻഡേർഡുകൾ, ക്ലാസിഫിക്കേഷൻ, സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകൾ തുടങ്ങിയവ നേടിയെടുക്കാനുള്ള സഹായ നടപടികൾ നൽകുക.)<br><br>9. പുതിയ സാങ്കേതികവിദ്യകൾ, പ്രൊഫഷണൽ മാനേജ്മെന്റ് എന്നിവ സ്വീകരിക്കുന്ന തൊഴിലാളികളുടെയും ജീവനക്കാരുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിന് നിലവിലുള്ള വ്യവസായത്തിൽ ആധുനികവൽക്കരണം നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി വിജ്ഞാനം കൈമാറുക.<br><br>10. മത്സ്യ സംസ്കരണത്തിലും വിവിധയിനം മത്സ്യങ്ങളിലുമുള്ള കേരളത്തിന്റെ പരമ്പരാഗത പ്രത്യേകതകളും ഗുണങ്ങളും വർധിപ്പിച്ച് ലോകവിപണി വിഹിതം ശക്തിപ്പെടുത്തുകയും കൂടുതൽ അന്താരാഷ്ട്ര-ദേശീയ വിപണികളിൽ 'കേരള ഫിഷറീസ്" ഐഡന്റിറ്റി പ്രോത്സാഹിപ്പിക്കുക.<br><br>11. കൗൺസിലിന് നേരിട്ടോ അല്ലാതെയോ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ മറ്റു രാജ്യങ്ങളുടെ സർക്കാരുകൾ/ കേന്ദ്ര സർക്കാർ/ സംസ്ഥാന സർക്കാരുകൾ/ മത്സ്യത്തൊഴിലാളികൾ/ സ്വകാര്യ അല്ലെങ്കിൽ പൊതുമേഖലാ കമ്പനികൾ/ സഹകരണ സംഘങ്ങൾ എന്നിവയുമായി കരാർ/ ധാരണാപത്രത്തിൽ ഏർപ്പെട്ട് മത്സ്യകൃഷി, സംസ്കരണം, മത്സ്യം/മത്സ്യ ഉൽപന്നങ്ങളുടെ വിപണനം എന്നിവയുടെ പ്രോത്സാഹനത്തിനും വികസന ത്തിനുമായി പദ്ധതി നടപ്പിലാക്കുക.<br><br>12. ഫിഷറീസ് മേഖലയിൽ സുസ്ഥിരമായ വിഭവ വിനിയോഗം, ഉൽപ്പാദനം, മൂല്യവർദ്ധന, വിപണനം എന്നിവയ്ക്കുള്ള കാര്യക്ഷമമായ സംവിധാനം വികസിപ്പിക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. |

സെക്ഷൻ ഓഫീസർ